# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

## ദൂത് പതിനെട്ട്

## യോഗ്യനായ സിംഹ-കുഞ്ഞാട്

Tue നാലാം അധ്യായത്തിൽ ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷമുള്ള സ്വർഗത്തിലെ ദൃശ്യം നാം കാണുന്നു. നാലാം അധ്യായത്തിലെ ദൃശ്യത്തിന്റെ കേന്ദ്രം ദൈവത്തിന്റെ സിംഹാസനമാണ്: തന്റെ നിത്യോദ്ദേശ്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി തന്റെ സാർവത്രിക ഭരണനിർവഹണം നടപ്പാക്കുവാൻ തയ്യാറായി ദൈവം സിംഹാസനത്തിൽ ഇരിക്കുന്നു. അഞ്ചാം അധ്യായത്തിൽ നമുക്ക് ക്രിസ്തു അവിടെ ആരോഹണം ചെയ്തതിനുശേഷമുള്ള അതേ ദൃശ്യമുണ്ട്. നാം ഈ ദൂതിൽ കാണുവാൻ പോകുന്നതുപോലെ, ഈ ദൃശ്യത്തിന്റെ കേന്ദ്രം യോഗ്യനായ സിംഹ-കുഞ്ഞാടാണ്.

## I. ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ നിഗൂഢത

വെളിപ്പാട് 5:1 പറയുന്നു, "പിന്നെ ഞാൻ സിംഹാസനത്തിന്മേൽ ഇരിക്കുന്നവന്റെ വലം കൈയിൽ ഉള്ളിലും പിന്നിലും എഴുതിയിരിക്കുന്ന, ഏഴു മുദ്രകളാൽ മുദ്രയിട്ടിരിക്കുന്ന ഒരു ചുരുൾ കണ്ടു." ദൈവത്തിന്റെ ഭരണം ഒരു രഹസ്യം, ഒരു മർമ്മം ആണ്. ഈ പ്രപഞ്ചത്തിന്റെ രഹസ്യം എന്താണെന്നു പഠിക്കുവാൻ നൂറ്റാണ്ടുകളിലുടനീളം അനേകം ജ്ഞാനികൾ ആത്മാർഥമായി ശ്രമിച്ചിട്ടുണ്ട്. അവർക്ക് വെളിപാടില്ലാതിരുന്നതുകൊണ്ട് അവർ പരാജയപ്പെട്ടു. വേദപുസ്തകത്തിന്റെ അവസാനത്തെ പുസ്തകമായ വെളിപ്പാട് പുസ്തകത്തിൽ, നമുക്ക് ദൈവത്തിന്റെ വ്യവസ്ഥയുടെ അനാവരണം ഉണ്ട്.

5:1-ൽ സിംഹാസനത്തിൽ ഇരിക്കുന്നവന്റെ കയ്യിൽ ഏഴു മുദ്രയാൽ മുദ്രയിട്ടൊരു ചുരുൾ ഉണ്ട്. ഈ ഏഴു മുദ്രകൾ വാസ്തവത്തിൽ ചുരുളിന്റെ ഉള്ളടക്കവും വെളിപ്പാട് പുസ്തകത്തിന്റെ ഉള്ളടക്കവും ആണ്, കാരണം, ഈ പുസ്തകം ഏഴു മുദ്രകളുടെ തുറക്കൽ, മറനീക്കൽ ആണ്. ചുരുൾ കുഞ്ഞാടിന്റെ രക്തത്താൽ നടപ്പാക്കിയ മഹത്തായ അവകാശപത്രം, പുതിയ ഉടമ്പടി

ആയിരിക്കണം. പുതിയ ഉടമ്പടി സഭയുടെയും, യിസ്രായേലിന്റെയും, ലോകത്തിന്റെയും, പ്രപഞ്ചത്തിന്റെയും വീണ്ടെടുപ്പിനെ ഉൾക്കൊള്ളുന്ന ഒരു ചുരുളാണ്. വെളിപ്പാട് പുസ്തകം സഭയെയും, യിസ്രായേലിനെയും, ലോകത്തെയും, പ്രപഞ്ചത്തെയുംകുറിച്ചുള്ള ദൈവത്തിന്റെ ചിന്തയുടെ ഒരു വിവരണമാണ്. ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ അവൻ മനുഷ്യനുവേണ്ടി മാത്രമല്ല മരണം ആസ്വദിച്ചത്, പിന്നെയോ സകലത്തിനും വേണ്ടിയായിരുന്നു (എബ്രാ. 2:9). ഇവിടെ നാം പ്രപഞ്ചത്തിലുള്ള ദൈവത്തിന്റെ ഭരണനിർവഹണത്തിന്റെ നിഗൂഢത കാണുന്നു. പുതിയനിയമം ക്രിസ്തുവിന്റെ മരണത്താൽ നടപ്പാക്കിയിരിക്കുമ്പോൾ, അത് മാനവകുലത്തിന് ഒരു മർമ്മമായിരിക്കുന്നു. പുതിയ ഉടമ്പടി പ്രപഞ്ചത്തിന്റെ രഹസ്യവും വെളിപ്പാട് പുസ്തകത്തിന്റെ ഉള്ളടക്കവും ആണ്. നാം വെളിപ്പാട് പുസ്തകം വായിക്കുമ്പോൾ, ദർശനം ദർശനമായി ഈ പുതിയ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്താണെന്ന്, ഈ നിഗൂഢവും മുദ്രയിടപ്പെട്ടതുമായ ചുരുളിൽ ഉള്ളടങ്ങിയിരിക്കുന്നത് എന്താണെന്ന്, നാം കാണുകയാണെന്ന് നാം മനസ്സിലാക്കണം.

ഇപ്പോൾ, ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം, ഇനി ഒരു രഹസ്യവും ഉണ്ടായിരിക്കരുത്, കാരണം ക്രിസ്തുവിന്റെ മരണത്താലും, പുനരുത്ഥാനത്താലും, ആരോഹണത്താലും അതിന്റെ മുദ്ര തുറക്കപ്പെട്ടിരിക്കുന്നു. അവന്റെ മരണത്തിനുമുമ്പ്, ഒരു മനുഷ്യനും അതിനെക്കുറിച്ച് ഒന്നും അറിയാത്ത ഒരു മർമ്മം ഉണ്ടായിരുന്നു. എന്നാൽ അവന്റെ മരണത്താലും, പുനരുത്ഥാനത്താലും, ആരോഹണത്താലും, അവൻ ദൈവത്തിന്റെ ആവശ്യകതകളെല്ലാം നിറവേറ്റി. അങ്ങനെ, നാം കാണുവാൻ പോകുന്നതുപോലെ, അവൻ മർമ്മം തുറക്കുകയും, എഴുതുവാൻ ആജ്ഞാപിച്ചുകൊണ്ട് അത് യോഹന്നാന് വെളിപ്പെടുത്തുകയും ചെയ്തു. അതുകൊണ്ട്, ഈ പുസ്തകം ദൈവത്തിന്റെ കയ്യിലെ തുറക്കപ്പെട്ട രഹസ്യം, അഥവാ ചുരുൾ ആണ്. ഇനി അത് ഒരു രഹസ്യമല്ല—അത് ഒരു പരസ്യമായ മർമ്മമാണ്. ഇപ്പോൾ, നാം വെളിപ്പാട് പുസ്തകം വായിക്കുമ്പോൾ, നാം ആരോഹണംചെയ്ത ക്രിസ്തു മുദ്രതുറന്നതായ ചുരുളിന്റെ ഉള്ളടക്കമാണ് വായിക്കുന്നത്. ഇതൊരു വലിയ കാര്യമാണ്, കുറച്ചു ക്രിസ്ത്യാനികൾക്കുമാത്രമേ ഇതിനെക്കുറിച്ച് അറിവുള്ളൂ. മിക്കവാറും ക്രിസ്ത്യാനികൾക്കും വെളിപ്പാട് പുസ്തകം ഉണ്ട്, എന്നാൽ മുദ്രപൊട്ടിക്കപ്പെട്ട ചുരുൾ അധികം ആരുടെയും പക്കൽ ഇല്ല, കാരണം വെളിപ്പാട് പുസ്തകം മുദ്രപൊട്ടിക്കപ്പെട്ട ചുരുളാണെന്ന് അവർ മനസ്സിലാക്കുന്നില്ല.

## II. ആരും യോഗ്യനല്ല

**5:2-4-ൽ ചുരുൾ തുറക്കുവാനോ അതിലേക്കു നോക്കുവാനോ**

സ്വർഗത്തിലും, ഭൂമിയിലും, ഭൂമിക്കു കീഴിലും ആരും യോഗ്യനായിരുന്നില്ലെന്ന് നാം കാണുന്നു. യോഹന്നാൻ ആദ്യം ചുരുൾ കണ്ടപ്പോൾ അത് അപ്പോഴും മുദ്രയിടപ്പെട്ടതായിരുന്നു. നാം അവിടെ ഉണ്ടായിരുന്നുവെങ്കിൽ, യോഹന്നാനെപ്പോലെ നാമും ആ ചുരുളിൽ എന്താണ് ഉള്ളടങ്ങിയിരിക്കുന്നതെന്നു കാണുവാൻ തീർച്ചയായും വാഞ്ഛയുള്ളവരാകുമായിരുന്നു. എന്നാൽ യോഹന്നാൻ "ചുരുൾ തുറക്കുവാനോ അതിലേക്ക് നോക്കുവാനോ യോഗ്യനായി ആരെയും കണ്ടെത്താത്തതുകൊണ്ട് വളരെ കരഞ്ഞു." വാസ്തവത്തിൽ മുഴുവൻ പ്രപഞ്ചത്തിലും യോഗ്യനായി ആരെയും കണ്ടെത്തുന്നില്ലെങ്കിൽ, നാം തീർച്ചയായും കരയണം, കാരണം അതിന്റെ രഹസ്യം അനാവരണംചെയ്യുവാൻ യോഗ്യനായി ആരുമില്ലാതെ മുഴുവൻ പ്രപഞ്ചവും വ്യർഥമായിരിക്കും. ഈ പ്രപഞ്ചത്തിൽ ക്രിസ്തു ഇല്ലായിരുന്നുവെങ്കിൽ, മുഴുവൻ പ്രപഞ്ചവും കരയുമായിരുന്നു. എന്നാൽ ക്രിസ്തു ഉള്ളതുകൊണ്ട് നാം കരയേണ്ട ആവശ്യമില്ല.

## III. യോഗ്യനായ സിംഹ-കുഞ്ഞാട്

### A. യെഹൂദാഗോത്രത്തിലെ സിംഹം

യോഹന്നാൻ കരയുകയായിരുന്നപ്പോൾ മൂപ്പന്മാരിൽ ഒരുവൻ പറഞ്ഞു, "കരയേണ്ട; ഇതാ, യെഹൂദാഗോത്രത്തിലെ സിംഹവും, ദാവീദിന്റെ വേരുമായവൻ, ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ ജയം പ്രാപിച്ചിരിക്കുന്നു." ഇത് ഉല്പത്തി 49:8-9-നെ പരാമർശിക്കുന്നു; അവിടെ ക്രിസ്തുവിനെ ഒരു സിംഹമായി ചിത്രീകരിച്ചിരിക്കുന്നു: അത് ശത്രുവിനെതിരായുള്ള ശക്തനായ പോരാളിയെന്ന നിലയിൽ അവനെക്കുറിച്ചുള്ള ഒരു അടയാളമാണ്. വെളിപ്പാടിലെ ഏകദേശം സകലവും പഴയനിയമത്തിൽ പറഞ്ഞിരിക്കുന്നതിന്റെ ഒരു നിറവേറലാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ക്രിസ്തു പോരാടുന്നവനും, ജയശാലിയും, ജയിക്കുന്നവനുമായ സിംഹമാണ്. അവൻ യുദ്ധം ജയിച്ചിരിക്കുന്നു. ഇക്കാരണത്താൽ, അവന്റെ ജയം ചുരുൾ തുറക്കുവാനും അതിന്റെ മുദ്രകൾ പൊട്ടിക്കുവാനും അവനെ യോഗ്യനാക്കുന്നു.

യെഹൂദാഗോത്രത്തിലെ സിംഹത്തെ നോക്കുവാൻ ദൂതൻ യോഹന്നാനോടു പറഞ്ഞുവെങ്കിലും, വാക്യം 6 പറയുന്നു, "സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും, മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു." ദൂതൻ ക്രിസ്തുവിനെ ഒരു സിംഹമെന്നു പറയുന്നുവെങ്കിലും, യോഹന്നാൻ അവനെ കുഞ്ഞാടായി കണ്ടു. സിംഹമെന്ന നിലയിൽ, അവൻ ശത്രുവിനെതിരായ യോദ്ധാവാണ്; കുഞ്ഞാടെന്ന നിലയിൽ

അവൻ നമുക്കു വേണ്ടിയുള്ള വീണ്ടെടുപ്പുകാരനാണ്. നമ്മെ വീണ്ടെടുക്കുന്നതിന് അവൻ പോരാടുകയും, ശത്രുവിനോട് യുദ്ധംചെയ്തു ജയിക്കുകയും നമുക്കുവേണ്ടി വീണ്ടെടുപ്പ് നിവർത്തിക്കുകയും ചെയ്തു. ശത്രുവിന്, അവനൊരു സിംഹമാണ്; നമുക്ക്, അവനൊരു കുഞ്ഞാടാണ്. ദൂതന്മാർക്ക് വീണ്ടെടുപ്പ് ആവശ്യമില്ലെങ്കിലും, ദൈവത്തിന്റെ ശത്രുവിനെ പരാജയപ്പെടുത്തുവാൻ അവർക്ക് ഒരാളെ ആവശ്യമാണ്, കാരണം അവരിൽ ഒരുവനാണ് ദൈവത്തിന്റെ ശത്രുവായിത്തീർന്നത്. അങ്ങനെ ഈ മത്സരിയെ പരാജയപ്പെടുത്തുവാൻ ഒരുവന്റെ ആവശ്യമുണ്ടെന്ന് ദൂതന്മാർ മനസ്സിലാക്കുന്നു. ദൂതന്മാർക്ക്, ക്രിസ്തു മത്സരിയെ പരാജയപ്പെടുത്തിയ സിംഹമായിരുന്നു, എന്നാൽ അപ്പൊസ്തലനായ യോഹന്നാൻ ഉൾപ്പെടെ നമുക്ക്, ക്രിസ്തു വീണ്ടെടുക്കുന്നവനായ കുഞ്ഞാടാണ്. നമുക്ക് ക്രിസ്തുവിന്റെ വീണ്ടെടുപ്പ് ആവശ്യമാണ്. നാം നേരത്തെ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, പ്രപഞ്ചത്തിൽ മുഖ്യമായ രണ്ടു പ്രശ്നങ്ങളുണ്ട്—സാത്താനും പാപവും. സിംഹമെന്ന നിലയിൽ ക്രിസ്തു സാത്താനെ പരാജയപ്പെടുത്തുകയും നശിപ്പിക്കുകയും ചെയ്തിരിക്കുന്നു, കുഞ്ഞാടെന്ന നിലയിൽ അവൻ നമ്മുടെ പാപത്തെ എടുത്തുകളഞ്ഞിരിക്കുന്നു. അവൻ ജയംവരിക്കുകയും വീണ്ടെടുപ്പ് നിവർത്തിക്കുകയും ചെയ്തിരിക്കുന്നു. അവൻ ഇപ്പോൾ സിംഹ-കുഞ്ഞാടാണ്.

കുഞ്ഞാട് സിംഹാസനത്തിന്റെ മധ്യേ നിൽക്കുന്നുവെന്ന് വാക്യം 6 വെളിപ്പെടുത്തുന്നു. വീണ്ടെടുപ്പ് സംബന്ധിച്ചിടത്തോളം ക്രിസ്തു തന്റെ ആരോഹണത്തിനുശേഷം സ്വർഗത്തിൽ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുന്നു (എബ്രാ. 1:3; 10:12); എന്നാൽ ദൈവത്തിന്റെ ഭരണനിർവഹണം നടപ്പാക്കുന്നതിനെ സംബന്ധിച്ച് അവൻ ഇപ്പോഴും തന്റെ ആരോഹണത്തിൽ നിൽക്കുന്നു.

## B. ദാവീദിന്റെ വേര്

വാക്യം 5-ൽ ക്രിസ്തുവിന് "ദാവീദിന്റെ വേര്" എന്ന അഭിധാനം നല്കപ്പെട്ടിരിക്കുന്നു. ഈ അഭിധാനം (അവൻ ദാവീദിന്റെ അപ്പനായ യിശ്ശായിയുടെ വേരുമാണ്, യെശ. 11:1) ക്രിസ്തു ദാവീദിന്റെ സ്രോതസ്സാണെന്ന് സൂചിപ്പിക്കുന്നു. അതുകൊണ്ട്, തന്റെ പൂർവപിതാവെന്ന നിലയിൽ ദാവീദ് അവനെ "കർത്താവ്" (മത്താ. 22:42-45) എന്നു വിളിച്ചു. അവൻ ദാവീദിന്റെ വേരാണ്. നമ്മുടെ ധാരണയിൽ ക്രിസ്തു ദാവീദിൽനിന്നു ജനിച്ചതിനാൽ അവൻ ദാവീദിന്റെ സന്തതിയാണ്. എന്നാൽ ഇവിടെ പറയുന്നത്, ദാവീദ് ക്രിസ്തുവിൽനിന്നു വളരുന്നു എന്ന അർഥത്തിൽ, ക്രിസ്തു ദാവീദിന്റെ വേരാകുന്നു എന്നാണ്. ക്രിസ്തു ദാവീദിന്റെ കൊമ്പാണെന്നും വേദപുസ്തകം പറയുന്നു (യിരെ. 23:5). ഇക്കാരണത്താൽ, അവൻ

വേരും കൊമ്പും ആണ്. യെശയ്യാവ് 11:1-ലും 10-ലും ക്രിസ്തു യിസ്ഹായിയുടെ ഒരു കൊമ്പും വേരും ആണെന്ന് നാം കാണുന്നു.

ക്രിസ്തു ദാവീദിന്റെ ഒരു സന്തതിയും വേരും ആണെന്ന് നാം കണ്ടു. ദൈവത്തിന്റെ കണ്ണുകളിൽ, ദാവീദ് ദൈവത്തിനുവേണ്ടി യുദ്ധം ചെയ്യുകയും ദൈവത്തിന്റെ പൂർണ്ണാധികാരം നേടുകയും ചെയ്യുകൊണ്ട്, യുദ്ധം ചെയ്യവനും അധികാരം നേടിയവനുമായ നിസ്തുല വ്യക്തിയായിരുന്നു. സിംഹ-കുഞ്ഞാടായ ക്രിസ്തു ഈ വ്യക്തിയുടെ വേരാണെന്നത് അവൻ ദാവീദിനെക്കാൾ വലിയവനാകുന്നു എന്ന് അർഥമാക്കുന്നു. ഇതുകൊണ്ടാണ് അവൻ ദാവീദിന്റെ താക്കോൽ പിടിച്ചിരിക്കുന്നത് (3:7). ദാവീദ് എന്തായിരുന്നുവോ, അവന് എന്തൊക്കെ ഉണ്ടായിരുന്നുവോ, അവൻ എന്തൊക്കെ ചെയ്യുവോ, അതെല്ലാം മൊത്തത്തിൽ ഈ വേരിൽനിന്നായിരുന്നു. അതുകൊണ്ട്, ദാവീദിന്റെ വേരെന്ന നിലിയിൽ ക്രിസ്തു ദാവീദിനെക്കാൾ അധികം ശക്തനും അധികം ജയശാലിയും, ദൈവത്തിന്റെ ദിവ്യാധികാരം അധികമായി ഉള്ളവനും ആണ്.

## C. അറുക്കപ്പെട്ട കുഞ്ഞാട്

"ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നത്" കണ്ടുവെന്ന് വാക്യം 6-ൽ യോഹന്നാൻ പറഞ്ഞു. യവനഭാഷ അനുസരിച്ച്, "അറുക്കപ്പെട്ടതുപോലെ" എന്നത്, കുഞ്ഞാട് അല്പം മുമ്പുമാത്രം അറുക്കപ്പെട്ടതാണെന്നു സൂചിപ്പിക്കുന്നു. യോഹന്നാൻ ക്രിസ്തുവിനെ കുഞ്ഞാടായി കണ്ടപ്പോൾ, അവൻ അല്പം മുമ്പുമാത്രം അറുക്കപ്പെട്ടവനായിരുന്നു. ഈ അധ്യായത്തിൽ ചിത്രീകരിച്ചിരിക്കുന്ന സ്വർഗത്തിലെ ദൃശ്യം സ്വർഗത്തിലേക്കുള്ള ക്രിസ്തുവിന്റെ ആരോഹണത്തിനുശേഷം ഉടനെയുള്ളതാണെന്ന് ഇതു സൂചിപ്പിക്കുന്നു.

Wed

## D. ജയംപ്രാപിച്ചവൻ

യെഹൂദാഗോത്രത്തിലെ സിംഹമെന്ന നിലയിൽ ക്രിസ്തു ദൈവത്തിന്റെ ശത്രുവായ സാത്താനെ ജയിച്ചിരിക്കുന്നു. അവൻ ദൈവത്തിനുവേണ്ടി ഈ പ്രശ്നം പരിഹരിക്കുകയും, ദൈവോദ്ദേശ്യം നിവർത്തിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുകയും ചെയ്തിരിക്കുന്നു. ഇക്കാരണത്താൽ, അവൻ ദൈവത്തിന്റെ വ്യവസ്ഥയെ സംബന്ധിച്ച ചുരുൾ തുറക്കുവാൻ യോഗ്യനാണ്.

## E. ചുരുളും അതിന്റെ ഏഴു മുദ്രകളും തുറക്കുവാൻ യോഗ്യൻ

ദൈവത്തിന്റെ ഉദ്ദേശ്യത്തെ നടപ്പാക്കുവാൻ ദൈവത്തിന്റെ സകല പ്രശ്നങ്ങളെയും പരിഹരിക്കുവാൻ കഴിയുന്ന ഒരുവനെ

ആവശ്യമുണ്ട്. ദൈവത്തിന് ഉണ്ടായിരുന്ന പ്രശ്നങ്ങൾ സാത്താന്റെ മത്സരവും മനുഷ്യന്റെ വീഴ്ചയും ആയിരുന്നു. സിംഹമെന്ന നിലയിൽ ക്രിസ്തു മത്സരിയായ സാത്താനെ പരാജയപ്പെടുത്തുകയും, കുഞ്ഞാടെന്ന നിലയിൽ വീണുപോയ മനുഷ്യന്റെ പാപത്തെ എടുത്തുകളയുകയും ചെയ്തു. ദൈവത്തിനുവേണ്ടി അവൻ ഈ രണ്ടു പ്രശ്നങ്ങളും പരിഹരിച്ചിരിക്കുന്നതിനാൽ, അവൻ ദൈവത്തിന്റെ വ്യവസ്ഥയുടെ ചുരുൾ തുറക്കുവാൻ യോഗ്യനാണ്.

## F. ഏഴു കൊമ്പുള്ളവൻ

കുഞ്ഞാടിന് ഏഴു കൊമ്പുകളുണ്ടെന്ന് വാക്യം 6-ൽ യോഹന്നാൻ പറയുന്നു. കൊമ്പുകൾ പോരാട്ടത്തിനുള്ള ബലത്തെ സൂചിപ്പിക്കുന്നു (ആവ. 33:17). ക്രിസ്തു പോരാടുന്ന കൊമ്പുകളോടുകൂടിയ വീണ്ടെടുക്കുന്ന കുഞ്ഞാടാണ്. അവൻ പോരാടുന്ന വീണ്ടെടുപ്പുകാരനാണ്, അവന്റെ പോരാട്ടം ഏഴ് എന്ന സംഖ്യ സൂചിപ്പിക്കുന്നതുപോലെ ദൈവത്തിന്റെ നീക്കത്തിൽ പൂർണ്ണമാണ്.

## G. ഏഴു കണ്ണുകളുള്ളവൻ

കുഞ്ഞാടിന് "സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകൾ" ഉണ്ടെന്നും വാക്യം 6 പറയുന്നു. കുഞ്ഞാടിന്റെ കണ്ണുകൾ നിരീക്ഷിക്കുന്നതിനും ആരായുന്നതിനും വേണ്ടിയാണ്. വീണ്ടെടുക്കുന്ന കുഞ്ഞാടെന്ന നിലയിൽ, പുതിയ യെരൂശലേമിന്റെ കെട്ടുപണിയിൽ പരിണതി പ്രാപിക്കുന്ന ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുന്നതിന് പ്രപഞ്ചത്തിന്മേൽ ദൈവത്തിന്റെ ന്യായവിധി നടപ്പാക്കുന്നതിനു വേണ്ടി നിരീക്ഷിക്കുകയും ആരായുകയും ചെയ്യുന്ന ഏഴു കണ്ണുകൾ ക്രിസ്തുവിനുണ്ട്. അതുകൊണ്ട്, സെഖര്യാവ് 3:9-ൽ അവനെ കല്ലായി പ്രവചിച്ചിരിക്കുന്നു, അത് ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഏഴു കണ്ണുകളോടുകൂടിയ ആണിക്കല്ലാണ് (സെഖ. 4:7). ഈ ഏഴു കണ്ണുകൾ "സർവഭൂമിയിലും ഊടാടിച്ചെല്ലുന്ന" (സെഖ. 4:10) "സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകൾ" ആണ്.

തന്റെ സുവിശേഷത്തിൽ ക്രിസ്തു ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്ന് യോഹന്നാൻ പറഞ്ഞു (യോഹ. 1:29). എന്നാൽ ഇവിടെ വെളിപ്പാട് 5-ൽ യോഹന്നാൻ കുഞ്ഞാടിനെ ഏഴു കണ്ണുകളുള്ളവനായി കാണുന്നു. യോഹന്നാൻ യേശുവിനെ അറുക്കപ്പെട്ട കുഞ്ഞാടായി കണ്ടുവെങ്കിലും, രക്തം ഒഴുകുന്നത് അവൻ കണ്ടില്ല. മറിച്ച്, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആയ ഏഴു കണ്ണുകൾ അവൻ കണ്ടു. ഈ ഏഴു കണ്ണുകൾ തീർച്ചയായും

വീണ്ടെടുപ്പിനുവേണ്ടിയല്ല. യോഹന്നാന്റെ സുവിശേഷത്തിലുള്ള കുഞ്ഞാട് രക്തം ചൊരിയുകയും അവന്റെ പാർശ്വത്തിൽനിന്ന് വെള്ളം ഒഴുകുകയും ചെയ്തു. എന്നാൽ വെളിപ്പാടിലെ കുഞ്ഞാടിന് പ്രകാശം പരത്തി ദൂരവ്യാപകമായി ജനത്തെ സ്പർശിക്കുന്ന ഏഴ് ജ്വലിക്കുന്ന കണ്ണുകളുണ്ട്. കറുപ്പും വെളുപ്പുമായ അക്ഷരങ്ങളനുസരിച്ച് ഇത് ന്യായവിധിക്കുവേണ്ടിയാണെങ്കിലും വാസ്തവത്തിൽ ഇത് ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണ്. ആരായുകയും പ്രകാശിക്കുകയും ചെയ്യുന്ന ഏഴു കണ്ണുകൾ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണെന്ന് ഞാൻ പറയുന്നതിന്റെ അടിസ്ഥാനം എന്താണെന്ന് നിങ്ങൾ അതിശയിക്കുന്നുണ്ടാകാം. ഈ ഏഴു കണ്ണുകൾ ഏഴു വിളക്കുകളാണെന്ന് വേദപുസ്തകം വ്യക്തമായി നമ്മോടു പറയുന്നു (സെഖ. 3:9; 4:2, 10). ഏഴു വിളക്കുകളെക്കുറിച്ച് ആദ്യമായി പരാമർശിച്ചിരിക്കുന്നത് പുറപ്പാട് 25-ലാണ്. അവിടെ വിളക്കുകൾ ആരായുന്നതിനോ ന്യായംവിധിക്കുന്നതിനോ വേണ്ടിയല്ല, ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണ്. അവിടെ പറഞ്ഞിരിക്കുന്ന ഏഴു വിളക്കുകൾ ഭൂമിയിൽ മനുഷ്യരുടെ ഇടയിലുള്ള ദൈവത്തിന്റെ വാസസ്ഥലമായ കൂടാരത്തിന്റെ നിർമാണത്തിനു വേണ്ടിയാണ്. പ്രത്യക്ഷത്തിൽ കുഞ്ഞാടിന്റെ ജ്വലിക്കുന്ന ഏഴു കണ്ണുകൾ ആരായുന്നതിനും ന്യായംവിധിക്കുന്നതിനുംവേണ്ടിയാണ്. എന്നാൽ, ഈ ആരായലും ന്യായംവിധിക്കലും കെട്ടിടം എന്ന അന്തിമലക്ഷ്യം നേടുവാനുള്ള പ്രക്രിയയാണ്. ആത്യന്തികമായി, വെളിപ്പാട് പുസ്തകം കേവലം ന്യായവിധിക്കുവേണ്ടിയുള്ളതല്ല കെട്ടിടത്തിനുവേണ്ടിയുള്ളതാണ്. വെളിപ്പാട് പുസ്തകത്തിന്റെ മിക്ക വ്യാഖ്യാനങ്ങളും പറയുന്നത് ഇത് ന്യായവിധിയുടെ ഒരു പുസ്തകമാകുന്നു എന്നാണ്. എന്നാൽ ഈ ന്യായവിധി പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുന്ന ഒരു പ്രക്രിയയാണ്. ന്യായവിധി നടപ്പാക്കിയതിനുശേഷം എന്താണ് പ്രത്യക്ഷമാകുന്നത്? പുതിയ യെരൂശലേം! പുതിയ യെരൂശലേം ഏഴു കണ്ണുകളാൽ നിർവഹിക്കപ്പെടുന്ന ദൈവത്തിന്റെ ന്യായവിധിയിൽനിന്നു വരുന്നു.

ഞങ്ങൾ നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, ഒരു വ്യക്തിയുടെ കണ്ണുകളെ അവനിൽനിന്നും വേർപെടുത്തുവാൻ കഴിയുകയില്ല, കാരണം ഒരു വ്യക്തിയുടെ കണ്ണുകൾ അവന്റെ ആവിഷ്കാരമാണ്. നമ്മുടെ ആന്തരിക ആളത്തം മുഖ്യമായും നമ്മുടെ കണ്ണുകളിലൂടെ ആവിഷ്കരിക്കപ്പെടുന്നു. ഇതേ രീതിയിൽ, ഏഴ് ആത്മാക്കൾ ക്രിസ്തുവിന്റെ ഏഴു കണ്ണുകളാണ്; അവയാൽ ക്രിസ്തു അവനെത്തന്നെ ആവിഷ്കരിക്കുന്നു. ആത്മാവ് ക്രിസ്തുവിൽനിന്നും വേർപെട്ടതാണെന്ന് ആരെങ്കിലും പറയുന്നുവെങ്കിൽ, അവൻ പരിജ്ഞാനമില്ലാത്തവനും ഹ്രസ്വദൃഷ്ടിയുള്ളവനും ആണ്. ഒരു വ്യക്തിയുടെ കണ്ണുകൾ അവനിൽനിന്നും വേർപെട്ടതാണെന്ന്

ഒരുവന് എങ്ങനെ പറയുവാൻ കഴിയും? ഇത് വിഡ്ഢിത്തമാണ്! ഏഴു കണ്ണുകൾ പരിശുദ്ധാത്മാവും, ഏഴു ആത്മാക്കൾ ക്രിസ്തുവിന്റെ കണ്ണുകളും അല്ലേ? പിന്നെങ്ങനെ ഏഴ് ആത്മാക്കളായ പരിശുദ്ധാത്മാവ് ക്രിസ്തുവിൽനിന്നു വേർപെട്ടിരിക്കുന്നുവെന്ന് ഒരുവന് പറയുവാൻ കഴിയും? പുത്രൻ പിതാവിന്റെ ദേഹരൂപവും, ആത്മാവ് പുത്രന്റെ ആവിഷ്കാരവും ആണ്. ദൈവത്തിന്റെ ഏഴ് ആത്മാക്കളായ ക്രിസ്തുവിന്റെ ഏഴു കണ്ണുകൾ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ നീക്കത്തിൽ ന്യായംവിധിക്കുന്ന രീതിയിലുള്ള ക്രിസ്തുവിന്റെ ആവിഷ്കാരമാണ്. ഇപ്പോഴും ക്രിസ്തുവിന്റെ ജ്വലിക്കുന്ന കണ്ണുകൾ നമ്മെ പ്രകാശിപ്പിക്കുവാനും, ആരായുവാനും, ശുദ്ധിചെയ്യുവാനും, ന്യായംവിധിക്കുവാനും നമ്മുടെമേൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു; അത് നാം കുറ്റംവിധിക്കപ്പെടേണ്ടതിനല്ല, പിന്നെയോ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി നാം ശുദ്ധമാക്കപ്പെട്ടും, രൂപാന്തരപ്പെട്ടും, അവന്റെ സ്വരൂപത്തോട് അനുരൂപപ്പെട്ടും ഇരിക്കേണ്ടതിനാണ്. കർത്താവിന്റെ ന്യായവിധി സ്നേഹത്താൽ പ്രേരിപ്പിക്കപ്പെട്ടതാണ്. അവൻ സഭയെ സ്നേഹിക്കുന്നതുകൊണ്ട്, നമ്മെ വിലയേറിയ കല്ലുകളായി രൂപാന്തരപ്പെടുത്തുന്നതിനായി, നമ്മെ ആരായുവാനും, പ്രകാശിപ്പിക്കുവാനും, ന്യയംവിധിക്കുവാനും, ശുദ്ധമാക്കുവാനും, നിർമലീകരിക്കുവാനും വരുന്നു. ആത്യന്തികമായി ഈ പുസ്തകം വിലയേറിയ വസ്തുക്കൾകൊണ്ടു പണിയപ്പെട്ട പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കുന്നു. ഈ വസ്തുക്കൾ എവിടെനിന്ന് വരുന്നു? അവ വരുന്നത് ക്രിസ്തുവിന്റെ ഏഴു കണ്ണുകളിൽനിന്നാണ്, അതായത്, ജീവൻനല്കുന്ന, രൂപാന്തരപ്പെടുത്തുന്ന ആത്മാവിൽനിന്നാണ്.

വെളിപ്പാട് പുസ്തകത്തിൽ ആത്മാവിനെ ജീവൻനല്കുന്ന ആത്മാവെന്നോ രൂപാന്തപ്പെടുത്തുന്ന ആത്മാവെന്നോ അല്ല, കത്തുകയും, ആരായുകയും, ന്യായംവിധിക്കുകയും ചെയ്യുന്ന ഏഴു വിളക്കുകളായ ഏഴ് ആത്മാക്കളെന്നാണ് വിളിച്ചിരിക്കുന്നത്. അധഃപതിച്ച സഭയ്ക്ക് ജീവൻ നല്കുന്ന ആത്മാവ് ഏഴിരട്ടി ജ്വലിക്കുന്ന ആത്മാവായിരിക്കണം. ഇന്ന്, ജീവൻ നല്കുന്ന ആത്മാവ് ജ്വലിക്കുന്ന ആത്മാവും, രൂപാന്തരപ്പെടുത്തുന്ന ആത്മാവ് ആരായുകയും ന്യായംവിധിക്കുകയും ചെയ്യുന്ന ആത്മാവും ആയിരിക്കണം. അവന്റെ ആരായലും ന്യായംവിധിക്കലും അവന്റെ നിർമ്മലീകരിക്കലും രൂപാന്തരപ്പെടുത്തലും ആണ്. അവനാൽ ശോധനചെയ്യപ്പെടാതെ ആർക്കും ഒരു വിലയേറിയ കല്ലായി രൂപാന്തരപ്പെടുവാൻ കഴിയുകയില്ല. അവൻ നമ്മെ എല്ലാവരെയും ആരായുന്നതിനായി ഞാൻ എത്രത്തോളം കർത്താവിലേക്ക് നോക്കുന്നു. നാം ഇവിടെ ആയിരിക്കുന്നത് ഉപദേശത്തിനും പഠിപ്പിക്കുന്നതിനും അല്ല; നാം ഇവിടെ നിർമ്മലമായ വചനത്തിന്റെ പ്രകാശിപ്പിക്കലിൻകീഴിലും

ഏഴ് ആത്മാക്കളുടെ ആരായലിൻകീഴിലും ആണ്. നാം എല്ലാവരും സമഗ്രമായി ശോധനചെയ്യപ്പെടുകയും, നിർമ്മലീകരിക്കപ്പെടുകയും, ശുദ്ധമാക്കപ്പെടുകയും വേണം. നാം അങ്ങനെയാണെങ്കിൽ, നാം ഒരിക്കലും പഴയതുപോലെയായിരിക്കുകയില്ല.

പുറപ്പാട് 25-ലെ ഏഴു വിളക്കുകൾ ദൈവത്തിന്റെ ഭൂമിയിലുള്ള വാസസ്ഥലം എന്ന കെട്ടിടത്തിനു വേണ്ടിയും, സെഖര്യാവ് 3-ലെ ഏഴു കണ്ണുകൾ കല്ലിന്റെ ഏഴു കണ്ണുകളും ആണ്. വെളിപ്പാടിൽ നമുക്ക് സിംഹ-കുഞ്ഞാടും, സെഖര്യാവിൽ നമുക്ക് കല്ലും ഉണ്ട്. വെളിപ്പാടിലെ ഏഴു കണ്ണുകൾ കുഞ്ഞാടിലും, സെഖര്യാവിൽ അത് കല്ലിലും ആയതുകൊണ്ട്, കുഞ്ഞാടിനെ കുഞ്ഞാടു-കല്ലെന്നു നമുക്കു പറയാം. കുഞ്ഞാടു-കല്ല് ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തു ഏഴു കണ്ണുകളോടുകൂടിയ നിർമ്മാണകല്ലാണെന്നത് ക്രിസ്തുവിന്റെ ഏഴു കണ്ണുകൾ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണെന്നു തെളിയിക്കുന്നു. കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ ഓരോരുത്തനും ക്രിസ്തുവിന്റെ ആത്മാവിന്റെ ആരായലിനും, ന്യായംവിധിക്കലിനും, നിർമ്മലീകരിക്കലിനും കീഴിലാണ്, ഇന്ന് ക്രിസ്തുവിന്റെ ആത്മാവ് ഏഴിരട്ടി ജ്വലിക്കുന്ന ആത്മാവാണ്. അവൻ ജീവൻനല്കുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ആത്മാവാണെങ്കിലും, അധഃപതിച്ച സഭയ്ക്ക് അവൻ കത്തുന്ന ഏഴ് ആത്മാക്കളാണ്. നാം യോഹന്നാൻ 1-ലെ കുഞ്ഞാടിനെ മാത്രമല്ല പ്രസംഗിക്കുന്നത്, പന്നെയോ വെളിപ്പാട് 5-ലെ കുഞ്ഞാടിനെ ശുശ്രൂഷിക്കുകയും ചെയ്യുന്നു. ഈ കുഞ്ഞാടിനെ നാം ഏഴ് ആത്മാക്കളോടുകൂടിയ നിർമ്മാണകല്ലായി ശുശ്രൂഷിക്കുന്നു. ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയുള്ള വിലയേറിയ സാമഗ്രിയായി നമ്മെ രൂപാന്തരപ്പെടുത്തുന്നതിന് അവന്റെ എല്ലാ അവയവങ്ങളിലേക്കും അവനെത്തന്നെ വ്യാപിപ്പിക്കുന്നതിനും, അവനെത്തന്നെ ആവിഷ്കരിക്കുന്നതിനും, അവനെത്തന്നെ നിവേശിപ്പിക്കുന്നതിനും ഏഴ് ആത്മാക്കൾ ഉള്ള ഇങ്ങനെ ഒരുവനാണ് നമ്മുടെ രക്ഷകൻ.

## IV. നാലു ജീവികളുടെയും ഇരുപത്തിനാലു മൂപ്പന്മാരുടെയും കുഞ്ഞാടിനോടുള്ള ആരാധനയും സ്തുതിയും

### A. കിന്നരങ്ങളും ധൂപവർഗം നിറഞ്ഞ പൊൻകലശങ്ങളും ഉള്ളവർ

നാലു ജീവികളുടെയും ഇരുപത്തിനാലു മൂപ്പന്മാരുടെയും കുഞ്ഞാടിനോടുള്ള ആരാധനയും സ്തുതിയും 8 മുതൽ 10 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു. നാലു ജീവികൾക്കും ഇരുപത്തിനാലു മൂപ്പന്മാർക്കും കിന്നരങ്ങളും ധൂപവർഗം

നിറഞ്ഞ പൊൻകലശങ്ങളും ഉണ്ട്. വാക്യം 8-ലെ '*അവ*' എന്ന പദം ധൂപവർഗത്തെയല്ല, കലശങ്ങളെയാണു പരാമർശിക്കുന്നത്. കലശങ്ങൾ ദൂതന്മാരായ മൂപ്പന്മാരാൽ ദൈവത്തിലേക്കു കൊണ്ടുവരപ്പെടുന്ന "വിശുദ്ധന്മാരുടെ പ്രാർഥനകൾ" ആണ് (പ്ര. നി. 8:3-4), എന്നാൽ ധൂപവർഗം വിശുദ്ധന്മാരുടെ പ്രാർഥനകളോടു ചേർക്കപ്പെടുന്ന ക്രിസ്തു ആണ്. ഈ ആരാധകർ കലശങ്ങൾ പിടിച്ചിരിക്കുന്നു എന്നത് ദൈവത്തിന് വിശുദ്ധന്മാരുടെ പ്രാർഥനകളെ കൊണ്ടുവരുന്നതിലൂടെ അവർ പുരോഹിതന്മാരെന്ന നിലയിൽ ദൈവത്തെ ശുശ്രൂഷിക്കുന്നു എന്ന് അർഥമാക്കുന്നു. ക്രിസ്ത്യാനികൾ സഹസ്രാബ്ദ രാജ്യത്തിൽ പുരോഹിതന്മാരായിത്തീരുന്നതിനുമുമ്പ് ഇരുപത്തിനാലു മൂപ്പന്മാരാണ് ഇന്നത്തെ പുരോഹിതന്മാരെന്ന് ഇതു വെളിപ്പെടുത്തുന്നു. ഒടുവിൽ നാം അവരെ പകരംവയ്ക്കും. ഇരുപത്തിനാലു മൂപ്പന്മാർ "തങ്ങളുടെ കിരീടങ്ങൾ സിംഹാസനത്തിനു മുമ്പാകെ ഇട്ടു" എന്നു പറഞ്ഞിരിക്കുന്ന 4:10 ഇതു തെളിയിക്കുന്നു; അവർ തങ്ങളുടെ സ്ഥാനങ്ങളിൽനിന്ന് ഒഴിഞ്ഞുപോകും എന്ന് ഇതു സൂചിപ്പിക്കുന്നു. വീണ്ടെടുക്കപ്പെട്ട വിശുദ്ധന്മാർ ശരിയായ പുരോഹിത-രാജാക്കന്മാരായിരിക്കുവാൻ തികഞ്ഞവരാക്കപ്പെടുകയും തേജസ്കരിക്കപ്പെടുകയും ചെയ്യുമ്പോൾ, താൽക്കാലിക പുരോഹിതന്മാരായ മൂപ്പന്മാരായ ദൂതന്മാർ സ്ഥാനമൊഴിയും. സഹസ്രാബ്ദസമയത്ത് ജയാളികളായ വിശുദ്ധന്മാർ ദൈവത്തിന് തികഞ്ഞവരാക്കപ്പെട്ടവരും, പൂർണ്ണരാക്കപ്പെട്ടവരും, ശരിയായവരുമായ പുരോഹിതന്മാരും രാജാക്കന്മാരും ആയിരിക്കും. ആ സമയം വരുമ്പോൾ താൽക്കാലിക പുരോഹിതന്മാരും ഭരിക്കുന്നവരും സ്ഥാനമൊഴിയും. എന്നാൽ ഇവിടെ അഞ്ചാം അധ്യായത്തിൽ അവർ ഇപ്പോഴും വിശുദ്ധന്മാരുടെ പ്രാർഥനകളെ ധൂപവർഗമായ ക്രിസ്തുവിനോടുകൂടെ ദൈവത്തിന് അർപ്പിക്കുന്ന പുരോഹിതന്മാരാണ്.

## B. കുഞ്ഞാടിനെ സ്തുതിച്ചുകൊണ്ട് ഒരു പുതിയ പാട്ടു പാടുന്നു

മൂപ്പന്മാർ കുഞ്ഞാടിനെ സ്തുതിച്ചുകൊണ്ട് ഒരു പുതിയ പാട്ടു പാടുന്നതായി വാക്യം 9-ലും 10-ലും നാം കാണുന്നു. വാക്യം 9 പറയുന്നു, "അവർ ഒരു പുതിയ പാട്ടു പാടുന്നത്: ചുരുൾ എടുക്കുവാനും അതിന്റെ മുദ്രകൾ തുറക്കുവാനും നീ യോഗ്യൻ ആകുന്നു, എന്തെന്നാൽ നീ അറുക്കപ്പെടുകയും നിന്റെ രക്തത്താൽ സകല ഗോത്രത്തിലും ഭാഷയിലും ജനത്തിലും രാഷ്ട്രത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങുകയും." അവർ സ്തുതിക്കുന്ന കുഞ്ഞാട് അല്പം മുമ്പുമാത്രം അറുക്കപ്പെട്ടതുകൊണ്ട് ഇവിടെയുള്ള പാട്ട് പുതിയതാണ്. ഈ പുതിയ പാട്ട്

കുഞ്ഞാടിന്റെ യോഗ്യതയെ സ്തുതിക്കുന്നു. നാം കണ്ടതുപോലെ, ജയിക്കുന്ന സിംഹവും വീണ്ടെടുക്കുന്ന കുഞ്ഞാടുമായ ക്രിസ്തു അല്ലാതെ ദൈവത്തിന്റെ വ്യവസ്ഥയുടെ മർമ്മം തുറക്കുവാൻ മുഴുവൻ പ്രപഞ്ചത്തിൽ യോഗ്യനായ ആരും ഇല്ല. ജയിക്കുന്ന സിംഹമെന്ന നിലയിൽ അവൻ ദൈവത്തിനുവേണ്ടി സാത്താനെ പരാജയപ്പെടുത്തുകയും, വീണ്ടെടുക്കുന്ന കുഞ്ഞാടെന്ന നിലയിൽ അവൻ നമുക്കുവേണ്ടി പാപത്തെ നീക്കിക്കളയുകയും ചെയ്തു. ദൈവത്തിന്റെ വ്യവസ്ഥയുടെ മർമ്മം അനാവരണം ചെയ്യുവാനും അത് നിർവഹിക്കുവാനും അവൻ മാത്രമാണ് യോഗ്യൻ.

കുഞ്ഞാടിന്റെ രക്തത്താൽ ദൈവത്തിനു വിലയ്ക്കു വാങ്ങപ്പെട്ടവരെക്കുറിച്ചു സംസാരിച്ചുകൊണ്ട് ഇരുപത്തിനാലു മൂപ്പന്മാർ വാക്യം 10-ൽ പാടുന്നു, "അവരെ നമ്മുടെ ദൈവത്തിനു രാജ്യവും പുരോഹിതന്മാരും ആക്കുകയും ചെയ്തു; അവർ ഭൂമിയിന്മേൽ വാഴും." സ്തുതിക്കുന്ന മൂപ്പന്മാർ സഭയിൽനിന്നുള്ളവരല്ല, ദൂതന്മാരിൽനിന്നുള്ളവരാണെന്ന് ഈ വാക്യത്തിലെ *അവരെ* എന്ന പദം തെളിയിക്കുന്നു. രാജ്യം ദൈവത്തിന്റെ അധികാരം പ്രയോഗിക്കുന്ന രാജത്വത്തിനുവേണ്ടിയും, പുരോഹിതന്മാർ ദിവ്യശുശ്രൂഷ നിറവേറ്റുന്ന പൗരോഹിത്യത്തിനുവേണ്ടിയും ആണ്.

## V. ദൈവത്തിനും കുഞ്ഞാടിനുമുള്ള സാർവത്രിക സ്തുതി

11 മുതൽ 14 വരെയുള്ള വാക്യങ്ങളിൽ ദൈവത്തിനും കുഞ്ഞാടിനും ഇരുപത്തിനാലു മൂപ്പന്മാരുടെ നേതൃത്വത്തിൻകീഴിലുള്ള ദൂതന്മാരാലും (വാ. 11-12), നാലു ജീവികളുടെ നേതൃത്വത്തിൻകീഴിലുള്ള സകല സൃഷ്ടികളാലുമുള്ള (വാ. 13-14) സാർവത്രിക സ്തുതി നാം കാണുന്നു. ഇരുപത്തിനാലു മൂപ്പന്മാരാൽ പ്രതിനിധീകരിക്കപ്പെടുന്ന അനേകം ദൂതന്മാർ കുഞ്ഞാടിന് ദൂതന്മാരുടെ സ്തുതി കരേറ്റുന്നു. അവരുടെ പിന്നാലെ നാലു ജീവികളാൽ പ്രതിനിധീകരിക്കപ്പെടുന്ന ഓരോ സൃഷ്ടിയും ദൂതന്മാരൊഴികെയുള്ള സകല സൃഷ്ടികളുടെയും സാർവത്രിക സ്തുതി കുഞ്ഞാടിന് നല്കുന്നു.

തന്റെ വീണ്ടെടുപ്പോടുകൂടെയുള്ള ദൈവത്തിന്റെ വ്യവസ്ഥ പുതിയ യെരൂശലേം എന്ന അവന്റെ നിത്യവാസസ്ഥലത്തിന്റെ നിറവേറലിനുവേണ്ടിയാണ്. ദൈവത്തിന്റെ അഭിഷിക്തനായ ക്രിസ്തു സിംഹവും, കുഞ്ഞാടും, കല്ലും ആണ്. അവൻ ശത്രുവിനെ നശിപ്പിക്കുകയും, നമ്മെ വീണ്ടെടുക്കുകയും, കല്ലായിത്തീരുകയും ചെയ്തു. മത്തായി 21:42-ൽ കർത്താവിനെ എതിർത്തവരായ പരീശന്മാരോട് അവൻ പറഞ്ഞു, "പണിയുന്നവർ തിരസ്കരിച്ച കല്ല്, ഇതു മൂലയുടെ തലയായി തീർന്നിരിക്കുന്നു. ഇതു കർത്താവിൽ നിന്നും ആയിരുന്നു, ഇതു നമ്മുടെ കണ്ണുകളിൽ ആശ്ചര്യകരവുമാകുന്നു, എന്നു നിങ്ങൾ തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചിട്ടില്ലയോ?" അവന്റെ വീണ്ടെടുപ്പ് അവൻ മൂലക്കല്ലായിരിക്കുവാൻ ആയിരുന്നു

എന്ന് ഇവിടെ കർത്താവു സൂചിപ്പിച്ചു. ഇതേ ചിന്ത പ്രവൃത്തികൾ 4:11-ലും 12-ലും നാം കാണുന്നു. പ്രവൃത്തികൾ 4:12 പറയുന്നു, "മറ്റാരിലും രക്ഷയില്ല, ആകാശത്തിനു കീഴിൽ മനുഷ്യരുടെ ഇടയിൽ നാം രക്ഷിക്കപ്പെടുവാൻ വേറൊരു നാമവും നൽകപ്പെട്ടിട്ടില്ല." ഈ നാമം മൂലക്കല്ലായ ക്രിസ്തുവിന്റെ നാമമാണെന്നത്, "പണിക്കാർ" "ഒന്നുമല്ലാത്തതായി കണക്കാക്കിയ കല്ല്" "മൂലയുടെ തല ആയിത്തീർന്നിരിക്കുന്നു" എന്നു പറയുന്ന ഇതിനു മുമ്പുള്ള വാക്യത്തിൽ വെളിപ്പെടുത്തിയിരിക്കുന്നു. അങ്ങനെ, മൂലക്കല്ലിന്റെ നാമമായ ആ നാമത്താലാണ് നാം രക്ഷിക്കപ്പെട്ടത്. നാം എന്തിനുവേണ്ടിയാണ് രക്ഷിക്കപ്പെട്ടത്—സ്വർഗത്തിൽ പോകുവാൻ വേണ്ടിയാണോ? അല്ല, നാം രക്ഷിക്കപ്പെട്ടത് ദൈവത്തിന്റെ കെട്ടിടത്തിനുള്ള ഒരു കല്ലായിത്തീരുവാനാണ്. ക്രിസ്തുവിനെ സംബന്ധിച്ച വെളിപ്പാടിലെ ആശയം അവൻ ശത്രുവിനെ പരാജയപ്പെടുത്തുവാനും നശിപ്പിക്കുവാനുമുള്ള സിംഹവും, നമ്മെ വീണ്ടെടുക്കുവാനുള്ള കുഞ്ഞാടും, ദൈവത്തിന്റെ നിത്യവാസസ്ഥലം പണിയുവാനുള്ള കല്ലും ആയിരിക്കുന്നു എന്നാണ്. ഏതു രീതിയിലാണ് ക്രിസ്തു ദൈവത്തിന്റെ വാസസ്ഥലം പണിയുന്നത്? കത്തുകയും, പ്രകാശിപ്പിക്കുകയും, ആരായുകയും, ന്യായംവിധിക്കുകയും, നിവേശിപ്പിക്കുകയും ചെയ്യുന്ന ഏഴു കണ്ണുകളായ ഏഴ് ആത്മാക്കളുടെ രീതിയിലാണ്. ഏഴ് ആത്മാക്കൾ മുഖാന്തരം പുതിയ യെരൂശലേമിലേക്കു പണിതുചേർക്കപ്പെടുവാനുള്ള വിലയേറിയ കല്ലുകളായി നമ്മെ അവൻ രൂപാന്തരപ്പെടുത്തുന്നു.